തിരുവനന്തപുരം നഗരത്തിലെ ജലവിതരണം മുടങ്ങുന്നതിനെക്കുറിച്ച് അന്വേഷണം

48 [1765] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ജലവിതരണ കുഴലുകൾക്ക് തകരാറുകൾ സംഭവിക്കുന്നത് കാരണം അടിക്കടി ജലവിതരണം മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇങ്ങനെ തകരാറുകൾ ഉണ്ടാകാനുള്ള കാരണത്തെക്കുറിച്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജലവിതരണം മുടങ്ങുന്ന വിവരം പൊതുജനങ്ങളെ മുൻകൂർ അറിയിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൈപ്പുകളുടെ കാലപ്പഴക്കംമൂലവും, പൈപ്പുകളിൽ അധികവും സ്ഥാപിച്ചിരിക്കുന്നത് പൊതുനിരത്തിൽ കൂടിയായതിനാൽ പൊതുനിരത്തിലുള്ള നിർമ്മാണ പ്രവർത്തനവും വൈദ്യുത-ടെലഫോൺ കേബിളുകൾക്കുള്ള വെട്ടിപ്പൊളിക്കൽ മൂലവുമാണ് പൈപ്പുകളിൽ ചോർച്ച ഉണ്ടാകുന്നത്. കൂടാതെ മണ്ണിന് ഉറപ്പ് കുറഞ്ഞ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പുകളുടെ ജോയിന്റ് അമിതഭാരമുള്ള വാഹനങ്ങൾ കടന്ന് പോകുമ്പോൾ സ്ഥാനചലനം സംഭവിക്കുന്നതുമൂലവും പൈപ്പുകളിൽ ചോർച്ചയുണ്ടാകുന്നു. ഇക്കാരണങ്ങളാൽ സംഭവിക്കുന്ന ചോർച്ചയായതിനാൽ പ്രത്യേകിച്ച് അന്വേഷണ നടപടികൾ ആവശ്യമുള്ളതായി തോന്നുന്നില്ല.

(സി) മുൻകൂട്ടി നിശ്ചയിച്ച അറ്റകുറ്റപ്പണികൾ കാരണം ജലവിതരണം മുടങ്ങുന്ന വിവരം പത്രങ്ങൾ മുഖേനയും ദൃശ്യമാധ്യമങ്ങൾ വഴിയും പൊതുജനങ്ങളെ അറിയിക്കാറുണ്ട്.

ജലസേചന അണക്കെട്ടുകളും അപകട ഭീഷണിയും

49 [1766] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനത്തിന് മാത്രമായി സംസ്ഥാനത്ത് നിർമ്മിച്ചിട്ടുള്ള അണക്കെട്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അണക്കെട്ടുകൾ നിർമ്മിച്ച വർഷം, നിർമ്മാണ ചെലവ്, കാച്ച്മെന്റ് ഏരിയ, റിസർവോയർ ഏരിയ, പ്രതീക്ഷിച്ച ആയുസ്സ് എന്നീ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly